**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4591** **02-07-2024 - ൽ മറുപടിയ്ക്ക്**

**അധിനിവേശ സസ്യങ്ങൾ കാരണമുണ്ടാകുന്ന ദോഷങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അധിനിവേശ സസ്യങ്ങൾ വ്യാപകമാകുന്നത് സ്വാഭാവിക വനത്തിന് ദോഷകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അധിനിവേശ സസ്യങ്ങൾ വ്യാപകമാകുന്നത് സ്വാഭാവിക വനത്തിന് ദോഷകരമാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. വനശോഷണത്തിലൂടെ വന്യജീവികളുടെ ആവാസ വ്യവസ്ഥക്ക് ശോഷണം സംഭവച്ചതിനാൽ ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും ഭക്ഷണ/സഞ്ചാര ആവശ്യങ്ങൾക്കായി ആശ്രയിക്കാൻ വന്യമൃഗങ്ങൾ പ്രേരിതരാകുന്നു. ഇത് മനുഷ്യ വന്യജീവി സംഘർഷത്തിന് ആക്കം കൂട്ടുന്നതിന് കാരണമാകുകയും ചെയ്യുന്നു. |
| (ബി) | വനമേഖലകളിൽ നിന്നും അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (ബി) | കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ചുകൊണ്ട് 17.12.2021-ൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2021/വനം തീയതി പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം പരിസ്ഥിതിക്കും, ആവാസ വ്യവസ്ഥക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയ വിദേശ വൃക്ഷങ്ങളും അവ അടങ്ങിയ ഏകവിള തോട്ടങ്ങളും ഘട്ടം ഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളായി പുന:സ്ഥാപനം നടത്തുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി നബാർഡ്/ ആർ. കെ.ഡി.പി പദ്ധതികളിൽ ഉൾപ്പെടുത്തി 5585.57 ഹെക്ടർ സ്ഥലത്ത് വിവിധ സർക്കിളുകളിലായി ടി പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വന്യജീവികളുടെ ഭക്ഷ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി കാട്ടിനുള്ളിൽ തന്നെ ഫലവൃക്ഷങ്ങളും അതോടൊപ്പം ഇക്കോറെസ്റ്റോറേഷന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് ജലത്തിന്റെയും, ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് മുള, ഈറ്റ, പ്ലാവ്, നെല്ലി, |

| | | | |
|---|---|---|---|
| | | | കമ്പകം, പൂവം, താന്നി, വേപ്പ്, കുമ്പിൾ, ഞാവൽ, വട്ട, സീതപഴം, മാവ്, പുന്ന, കണിക്കൊന്ന, മലവേപ്പ് തുടങ്ങിയ സസ്യങ്ങൾ 1346.54 ഹെക്ടർ സ്ഥലത്ത് ഇതിനൊടകം തന്നെ വച്ച് പിടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ